# നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)
# എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം-33
# അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
# (നിലവിൽ: ഹസീന.പി.എസ്)

വിഷയം:- നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) - ജീവനക്കാര്യം - 1995 മുതൽ 31.12.2013 വരെയുള്ള കാലയളവിൽ സീനിയർ ക്ലർക്കുമാരായി സ്ഥാനക്കയറ്റം ലഭിച്ചവരുടെ കരട് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:-
1. 27.04.2013-ലെ G1/1520/12/തൊഴിൽ നമ്പർ സർക്കാർ കത്ത്.
2. 14.11.18-ലെ G.O (Rt.) No. 1312/2018/LBR നമ്പർ സർക്കാർ ഉത്തരവ്.
3. 07.01.2020-ലെ G.O (Rt.) No.33/2020 നമ്പർ സർക്കാർ ഉത്തരവ്.
4. തൊഴിലും നൈപുണ്യവും (ജി) വകുപ്പ്, 03.09.2022 തീയതിയിലെ സ.ഉ (സാധാ.) നം. 1054/2022/ എൽ.ബി.ആർ നമ്പർ ഉത്തരവ്.
5. സർക്കുലർ നമ്പർ 524/ആർ1/2014/പി&എആർഡി തീയതി 10.03.2014.
6. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 11.05.2005 തീയതിയിലെ ജെ4/28610/04/ഡി.ഇ നമ്പർ നടപടിക്രമം.
7. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 07.08.2009-ലെ ജെ4/5824/09/ ഡി.ഇ നമ്പർ നടപടിക്രമം.
8. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 23.07.15, 08.07.16 എന്നീ തീയതികളിലെ ജെ4/12861/2014/ഡി.ഇ നമ്പർ നടപടിക്രമം.
9. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 03.03.22-ലെ ജെ4/3431/2017/ഡി.ഇ നമ്പർ നടപടിക്രമം.
10. ശ്രീ.ബോസ്.ആർ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No.5746/2012-ന് മേലുള്ള 09.10.2013-ലെ ഉത്തരവ്.
11. ശ്രീ.ഹരികുമാർ.എം.ബി-യും ശ്രീമതി.ഷീജ.എ-യും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No.968/2017-ന് മേലുള്ള 12.04.18-ലെ ഉത്തരവ്.
12. ശ്രീ.റ്റി.കെ.ശ്രീകുമാർ, ശ്രീ.ആർ.ജോയ്ലാൽ എന്നിവർ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No.472/2017-ന്മേലുള്ള 01.02.2019-ലെ വിധിന്യായം.
13. OA (EKM)/808/17-ന്മേലുള്ള വിധിക്കെതിരായി സർക്കാർ ഫയൽ ചെയ്ത OP (KAT) 150/2019 അപ്പീൽ.
14. ശ്രീ.പി.എൻ.വിശ്വനാഥനും മറ്റുള്ളവരും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No.960/2019.
15. തൊഴിലും നൈപുണ്യവും (ജി) വകുപ്പ് സെക്രട്ടറിയുടെ 25.01.22-ലെ LBRD-G1/63/2017 നമ്പർ കത്ത്.
16. ശ്രീ.രമേശൻ കുനിയിലും മറ്റുള്ളവരും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No.47/2022-ന്മേലുള്ള 18.02.2022-ലെ ഇടക്കാല വിധി.
17. താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റിനുമേൽ ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച ആക്ഷേപങ്ങൾ.

## ഉത്തരവ് നമ്പർ ജെ4/3431/2017/ഡി.ഇ തീയതി: 27.09.2022

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിലെ 01.01.1976 മുതൽ 31.12.2013 വരെ കാലയളവിൽ സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ അന്തിമ

സീനിയോറിറ്റി ലിസ്റ്റ് പരാമർശം (8) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് പരാമർശം (12) പ്രകാരം ശ്രീ.റ്റി.കെ.ശ്രീകുമാർ ഫയൽ ചെയ്ത OA-യിന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിച്ച് പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

എന്നാൽ 1995 മുതൽ 31.12.2013 വരെ കാലയളവിൽ യു.ഡി.ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നേടിയ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (15) പ്രകാരം സർക്കാർ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവിലെ താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് പരാമർശം (9) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റിന്മേൽ പരാമർശം (17) പ്രകാരം ലഭ്യമായ ആക്ഷേപങ്ങൾ/പരാതികൾ എന്നിവയിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ മുൻകാല സീനിയോറിറ്റി ലിസ്റ്റുകൾ, സ്റ്റോക്ക് ഫയലുകൾ തുടങ്ങിയവ പരിശോധിച്ചതിൻപ്രകാരവും, ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, ചട്ടങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിലും പരാമർശം (13), (14) കേസുകളിന്മേലുള്ള അന്തിമ വിധിന്യായത്തിനു വിധേയമായും പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിലും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന 01.01.1995 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ സീനിയർ ക്ലർക്കുമാരുടെ കരട് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. താല്ക്കാലിക ലിസ്റ്റിന്മേൽ ലഭ്യമായ പരാതികൾ/സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.

ഈ ഉത്തരവ് പ്രകാരം സീനിയോറിറ്റിയിൽ മുൻകാല പ്രാബല്യം ലഭിച്ച ജീവനക്കാർക്ക് പ്രസ്തുത കാലയളവിലെ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. എല്ലാ ജീവനക്കാരും ഈ ഉത്തരവ് കണ്ടു എന്ന് ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ളതുമായ ജീവനക്കാർക്ക്, ടിയാൾ സേവനത്തിൽ നിന്നും വിടുതൽ ചെയ്യപ്പെട്ട കാര്യാലയങ്ങളിലെ നിലവിലെ ഓഫീസ് മേധാവി ടി ലിസ്റ്റ് അയച്ചു നൽകേണ്ടതും അനുബന്ധ വിവരം ഈ കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്.

ഈ ലിസ്റ്റിന്മേൽ ആക്ഷേപമുള്ള പക്ഷം 12.10.2022-നകം അനുബന്ധ രേഖകൾ സഹിതം എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ തപാൽ മുഖേനയോ deker.emp.lbr@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. സമയാധിഷ്ഠിതമായി പരാതികൾ ലഭിക്കാത്തപക്ഷം ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിക്കുന്നതാണ്.

വകുപ്പിന്റെ www.employment.kerala.gov.in എന്ന വെബ്സൈറ്റിലും ഈ ഉത്തരവ് ലഭ്യമാകുന്നതാണ്.

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**പകർപ്പ്:-**

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഓഫീസ് മേധാവി മുഖേന)
2. എല്ലാ സബ് ഓഫീസ് മേധാവികൾക്കും
3. സേവനത്തിൽ നിന്നും വിരമിച്ച ബന്ധപ്പെട്ട ജീവനക്കാർക്ക് (വിരമിക്കൽ സമയത്തെ ഓഫീസ് മേധാവി മുഖേന)
4. എംപ്ലോയ്മെന്റ് ഡയറക്ടർ/ജോയിന്റ് ഡയറക്ടർമാരുടെ സി.എ-മാർക്ക്
5. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് കമ്പ്യൂട്ടർ സെല്ലിന് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

**//അംഗീകാരത്തോടെ//**

**ജൂനിയർ സൂപ്രണ്ട്**